

# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ
പരിശീലന പാഠാവലി.

10

## പാഠം 15

# നവയുഗ സൃഷ്ടിക്കായ് അണിചേരാം



ലോകജനതയുടെ ഭൂരിഭാഗവും ശാന്തിയും സന്തോഷവും നിറഞ്ഞ ഒരു പുതിയ ലോകം പടുത്തുയർത്തുവാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ്.
അസമാധാനം നിറഞ്ഞ ലോകത്തിൽ സമാധാന ദാതാവായ ഈശോയെ നൽകിക്കൊണ്ട് ഒരു പുതുയുഗം സൃഷ്ടിക്കുവാൻ ക്രൈസ്തവർ കടപ്പെട്ടിരിക്കുന്നു.എന്തുകൊണ്ടെന്നാൽ, 'സർവ്വ മനുഷ്യർക്കും വേണ്ടിയുള്ള രക്ഷാസന്ദേശമാണ് അവർ കൈപ്പറ്റിയിരിക്കുന്നത് '(ഏ.ട. 1)

# കത്തോലിക്കാ സംഘടനകളുടെ പ്രസക്തി

സംഘടിതമായ പ്രേഷിത പ്രവർത്തനം വിശ്വാസികളുടെ ക്രിസ്തീയവും, മാനുഷികവുമായ ആവശ്യമാണ്. ഇത് മിശിഹായോടുള്ള സഭയുടെ ഐക്യത്തെ പ്രകാശിപ്പിക്കുന്നു.


സംഘടനകൾ ചിലതു സഭയ്ക്കു പൊതുവായ പ്രേഷിതപ്രവർത്തനം ലക്ഷ്യംവച്ചു പ്രവർത്തിക്കുന്നു. ചിലതു സുവിശേഷ പ്രചാരണവും മാനവശുദ്ധീകരണവും ലക്ഷ്യം വയ്ക്കുന്നു. ചിലതു ഭൗതികലോകത്തെ ക്രിസ്തീയ ചൈതന്യത്താൽ നിറയ്ക്കുന്നു. ചിലതു ജീവകാരുണ്യ പ്രവർത്തനങ്ങളും പരസ്നേഹപ്രവർത്തനങ്ങളും നടത്തുന്നു.

മനുഷ്യമഹത്വം ഉയർത്താനും നീതിബോധം വളർത്താനും കൂട്ടായ പ്രവർത്തനം ആവശ്യമാണ് (അ.അ. 18). സത്യം, നീതി, സ്നേഹം തുടങ്ങിയ മൂല്യങ്ങളില്ലാതെ ലോകസമാധാനം കൈവരിക്കുവാൻ സാധിക്കുകയില്ല.

സഭാമക്കളുടെ പരിശീലനത്തിനും സാക്ഷ്യം വഹിക്കലിനും സഹായകമാകുവാൻ വേണ്ടി ശിശുപ്രായം മുതൽ വിവിധ സംഘടനാപ്രവർത്തനങ്ങളിൽ ക്രൈസ്തവർ പങ്കുകാരാക്കപ്പെടുന്നു.

# തിരുബാല സഖ്യം

**ബാലമനസ്സുകളെ ഈശോയിൽ വളർത്തിയെടു ക്കുവാൻ തിരുബാലസഖ്യം സഹായിക്കുന്നു.**





പ്രാർത്ഥിക്കാനും തിരുവചനം പഠിക്കാനും പരിശു
ദ്ധകുർബാനയിൽ പങ്കെടുക്കാനും ശ്രമിക്കുന്നു.

കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ.



# ചെറുപുഷ്പ മിഷൻലീഗ്

1947 ൽ മിഷൻപ്രവർത്തനങ്ങളെ സഹായിക്കാനായി ഭരണങ്ങാനത്ത് ആരംഭിച്ചതാണിത്. കുടുംബങ്ങളിലും ഇടവ കകളിലും സ്ഥാപനങ്ങളിലും പ്രേഷിതചൈതന്യം വളർത്തുക, പ്രാർത്ഥന, സംഭാവന, ദൈവവിളി പ്രോത്സാഹനം, സന്മാതൃക എന്നിവവഴി ലോകം മുഴുവനിലുമുള്ള സുവിശേഷപ്ര വർത്തനങ്ങളെ സഹായിക്കുക.


‘ഭാരതമേ നിൻ രക്ഷ നിൻ മക്കളിൽ’
സ്നേഹം
ത്യാഗം
സേവനം
സഹനം
സെന്റ്. ജോസഫ്സ് ചെറുപുഷ്പ മിഷൻ ലീഗ്
കുട്ടമംഗലം

# സി.എൽ.സി.

ക്രിസ്റ്റ്യൻ ലൈഫ് കമ്മ്യൂണിറ്റി, മരിയൻ സൊഡാലിറ്റി സംഘം എന്ന പേരിൽ ആരംഭിച്ച ഈ സംഘടന രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്യുന്ന ആഗോള അത്മായ സംഘടന എന്ന നിലയിൽ ക്രിസ്തീയ ജീവിത സമൂഹം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. സമൂഹത്തിൽ ദൈവാനുഭവത്തിന്റേയും ഐക്യത്തിന്റെയും രക്ഷയുടേയും അടയാളമാകുവാൻ ഈ സംഘടന യത്നിക്കുന്നു.

പരിശുദ്ധകന്യാമറിയത്തെ അനുകരിച്ചു ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം, സ്വയംവിശുദ്ധീകരണം, മറ്റുള്ളവരുടെ രക്ഷ, തിരുസഭയുടെ വളർച്ച എന്നിവ യാണു സി.എൽ.സി. അംഗങ്ങളുടെ ലക്ഷ്യം



# കെ.സി.എസ്.എൽ.

കേരളത്തിലെ കത്തോലിക്കാ വിദ്യാർത്ഥികളുടെ സംഘടനയായ കെ.സി.എസ്.എൽ, വിദ്യാലയങ്ങൾ കേന്ദ്ര മാക്കി പ്രവർത്തിക്കുന്നു. പ്രാർത്ഥന, പഠനം, സേവനം എന്ന മുദ്രാവാക്യം സ്വീകരിച്ചിരിക്കുന്ന ഈ സംഘടന വഴി വിദ്യാർത്ഥികളിൽ സദാചാരബോധവും പഠനശീലവും അദ്ധ്വാന സന്നദ്ധതയും വളർത്തിയെടുക്കുവാൻ സാഹായി ക്കുന്നു.


Rt Rev Dr CHARLES LAVINGE S.J.
THE FOUNDER OF THE SCHOOL

# കെ.സി.വൈ.എം.

സഭയുടേയും സമൂഹത്തിന്റേയും സമ്പത്തും പ്രതീക്ഷയുമായ യുവജനങ്ങളെ ക്രിസ്തീയ ചൈതന്യത്തിൽ വളർത്തിയെടുക്കാൻ സഹായിക്കുന്ന സംഘടനയാണു കെ.സി.വൈ.എം. 'ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക' എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന യുവജന സംഘടന വഴി പ്രാർത്ഥനാചൈതന്യവും സഭാത്മകതയും ത്യാഗസന്നദ്ധതയും നീതിബോധവും ക്രിസ്തീയ ധീരതയുമുള്ള യുവജനങ്ങൾക്കുരൂപം നൽകാൻ സാധിക്കും.

## യുവജനങ്ങളെ ക്രിസ്തീയ ചൈതന്യത്തിൽ വളർത്തി യെടുക്കുന്ന സംഘടനയാണിത്.



## എ.കെ.സി.സി

**സീറോമലബാർ സഭയിൽ അല്മായ പ്രതിബദ്ധത വളർത്താനും ക്രൈസ്തവമനഃസാക്ഷിയെ സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കാനും നേതൃത്വം കൊടുക്കുന്ന അല്മായ സംഘടനയാണ്.**



# മാതൃപിതൃ സംഘടനകൾ

**ഗാർഹികസഭയായ കുടുംബങ്ങളെ വിശുദ്ധീകരിക**

**രിക്കുകയെന്നതാണു ലക്ഷ്യം.**







# വിൻസെന്റ് ഡി പോൾ

പാവപ്പെട്ടവരുടെ പ്രേഷിതനായിരുന്ന വി. വിൻസെന്റ് ഡി പോളിന്റെ നാമധേയത്തിൽ വാ. ഫ്രെഡറിക് ഓസാനാം സ്ഥാപിച്ചതാണു വിൻസെന്റ് ഡി പോൾ സംഘടന.

ഫ്രാൻസിസ്കൻ മൂന്നാം സഭ, ലീജിയൻ ഓഫ് മേരി തുടങ്ങിയ സംഘടനകളും സഭാമക്കളുടെ പരിശീലനത്തിൽ തങ്ങളുടേതായ പങ്കുവഹിക്കുന്നു.

സാധുക്കളെ സഹായിക്കുക എന്നതാണ്
ഇവരുടെ മുഖ്യപ്രവർത്തനം

# കുടുംബക്കൂട്ടായ്മകൾ

ഇടവകയുടെ സജീവത്വത്തിനും വളർച്ചയ്ക്കും സഹായക മാണു കുടുംബക്കൂട്ടായ്മകൾ. പ്രാർത്ഥിച്ചും പഠിച്ചും പങ്കു വെച്ചും സ്നേഹത്തിൽ അവർ വളരുന്നു.

സംഘടനകൾ പോലെത്തന്നെ ഇടവകയുടെ സജീവത്വ ത്തിനും വളർച്ചയ്ക്കും സഹായകമാണു കുടുംബകൂട്ടായ്മ കൾ. ഒരു ഇടവകയിലെ അടുത്തുള്ള ഏതാനും ഭവനങ്ങൾ ചേർന്നാണു കുടുംബ കൂട്ടായ്മകൾ രൂപീകരിക്കുന്നത്.

ആദിമ ക്രൈസ്തവ സമൂഹത്തെപ്പോലെ ഒന്നിച്ചു പ്രാർത്ഥിച്ചും പങ്കുവെച്ചും സ്നേഹത്തിൽ അവർ വളരുന്നു.

ഈ സംഘടനകളുടേയും കൂട്ടായ്മകളുടേയുമെല്ലാം ലക്ഷ്യം ഈശോമിശിഹായുടെ ശരീരമായ സഭയെ പരിപോഷിപ്പിക്കുകയും വിശുദ്ധീകരിക്കുകയുമാണ്. അതുവഴി സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ സജീവവും ഫലദായകവുമാകും.

ദൈവത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള ഒരു പ്രവർത്തനത്തിനും സമാധാനം നൽകാൻ സാധിക്കുകയില്ല. അസമാധാനം നിറഞ്ഞ ലോകത്തിൽ സമാധാനദാതാവായ ഈശോയെ നൽകികൊണ്ട് ഒരു പുതുയുഗം സൃഷ്ടിക്കാനായ് പരിശ്രമിക്കാം

ദൈവവചനം

വായിക്കാം, ധ്യാനിക്കാം

(കൊളോ. 3:12-17)



# ഓർമ്മിക്കാൻ ഒരു തിരുവചനം

കർത്താവിനു യോജിച്ചതും അവിടുത്തേയ്ക്കു തികച്ചും പ്രീതികരവുമായ ജീവിതം നയിക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ (കൊളോ. 1:10).

# നമുക്കു പ്രാർത്ഥിക്കാം

ഈശോനാഥാ, തിരുസഭയിലൂടെ അങ്ങു ഞങ്ങൾക്കു നല്കുന്ന അവസരങ്ങൾ ശരിയായി വിനിയോഗിച്ചുകൊണ്ട് ലോക നന്മയ്ക്കായി പ്രയത്നിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

# എന്റെ തീരുമാനം

**ഇടവകയിലെ സംഘടനാപ്രവർത്തനങ്ങളിൽ ഞാൻ സജീവമായി പങ്കുചേരും.**

## സഭാപിതാക്കന്മാർ പറയുന്നത്

പ്രേഷിതപ്രവർത്തനത്തിനുവേണ്ടിയുള്ള എല്ലാ സംഘടനകളെയും അവ അർഹിക്കുന്നവിധം വിലമതിക്കേതാണ്. സ്ഥലകാല വ്യത്യാസങ്ങളനുസരിച്ചു ചില സംഘടനകളെ അഭിനന്ദിക്കുകയും നല്ലതെന്നു ശുപാർശ ചെയ്യുകയും അടിയന്തിരമായി സ്ഥാപിക്കേതാണെന്നു നിശ്ചയിക്കുകയും ചെയ്യുന്നു. അത്തരം സംഘടനകളെ വൈദികരും സന്യാസികളും അല്മായരും കാര്യമായി കരുതുകയും കഴിവുപോലെ പ്രോൽസാഹിപ്പിക്കുകയും വേണം (അഅ 21).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* അസമാധാനം നിറഞ്ഞ ലോകത്തിൽ സമാധാന ദാതാവായ ഈശോയെ നൽകിക്കൊണ്ട് ഒരു പുതിയ യുഗം സൃഷ്ടിക്കുവാൻ ക്രൈസ്തവർ കടപ്പെട്ടിരിക്കുന്നു.

* സഭാമക്കളുടെ പരിശീലനത്തിനും സാക്ഷ്യംവഹിക്കലിനും സഹായകമാകത്തക്കവിധം ശിശുപ്രായം മുതൽ വിവിധ സംഘടനാപ്രവർത്തനങ്ങളിൽ ക്രൈസ്തവർ പങ്കുകാരാക്കപ്പെടുന്നു.



* തിരുബാലസഖ്യം, ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി, കെ.സി.എസ്.എൽ, കെ.സി.വൈ.എം, എ.കെ.സി.സി, മാതൃപിതൃസംഘടനകൾ, വിൻസന്റ് ഡി.പോൾ എന്നിവയെല്ലാം നമ്മെ ഈശോയിൽ വളർത്തുന്ന സംഘടനകളാണ്.



* സംഘടനകൾ പോലെതന്നെ ഇടവകയുടെ സജീവത്വത്തിനും വളർച്ചയ്ക്കും സഹായകമായവയാണു കുടുംബകൂട്ടായ്മകൾ.

* ഈ സംഘടനകളുടെയും കൂട്ടായ്മകളുടെയുമെല്ലാം ലക്ഷ്യം സഭയെ പടുത്തുയർത്തുകയാണ്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* കത്തോലിക്കാസംഘടനാപ്രവർത്തനങ്ങളിൽ താല്പര്യം

* കുടുംബകൂട്ടായ്മകളോടു സഹകരണം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

*  സംഘടനാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു.

*  കുടുംബകൂട്ടായ്മകളിൽ പങ്കെടുക്കുകയും മറ്റുള്ളവരെ അതിനായി പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.




THANK
YOU